(സി) 9 ഗവൺമെന്റ് കോളേജുകളും 106 സ്വകാര്യ കോളേജുകളും ഉൾപ്പെടെ 115 കോളേജുകൾക്ക് നാക്ക് അക്രെഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. 3 കോളേജുകൾക്ക് റീ-അക്രെഡിറ്റേഷനും ലഭിച്ചിട്ടുണ്ട്.

(ഡി) നാക്ക് അക്രെഡിറ്റേഷൻ കിട്ടുന്ന കോളേജുകൾക്ക് യു. ജി. സി. വിവിധ സ്കീമുകളിലായി ധനസഹായം നൽകുന്നു. നാക്ക് അക്രെഡിറ്റേഷൻ ലഭിച്ച കോളേജുകളുടെ വികസനപ്രവർത്തനങ്ങൾക്ക് സർക്കാർ മുൻഗണന നൽകുന്നുണ്ട്.

ചേർപ്പ് നിയോജകമണ്ഡലത്തിൽ ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ കോളേജ്

89 [3072] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി സർക്കാർ ഉടമസ്ഥതയിൽ ഡിഗ്രി കോളേജുകൾ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഐ. എച്ച്. ആർ. ഡി.യുടെ കീഴിൽ കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ എത്ര കോളേജുകൾ ആരംഭിച്ചിട്ടുണ്ട്;

(സി) കോളേജുകൾ ഒന്നും ഇല്ലാത്ത ചേർപ്പ് നിയോജകമണ്ഡലത്തിൽ ഐ. എച്ച്. ആർ. ഡി.യുടെ കീഴിൽ ഒരു കോളേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറയിൽ ഒരു ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) മൂന്ന് എഞ്ചിനീയറിംഗ് കോളേജുകളും നാല് അപ്ലൈഡ് സയൻസ് കോളേജുകളും ആരംഭിച്ചിട്ടുണ്ട്.

(സി) ആവശ്യമായ സ്ഥലവും രണ്ടു വർഷത്തേക്ക് കെട്ടിടസൗകര്യവും സൗജന്യമായി ഐ. എച്ച്. ആർ. ഡി.ക്ക് ലഭ്യമാക്കുകയാണെങ്കിൽ ചേർപ്പ് നിയോജകമണ്ഡലത്തിൽ ഒരു അപ്ലൈഡ് സയൻസ് കോളേജ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. നിലവിൽ ഇതുസംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക ഒഴിവുകൾ

90 [3073] *ശ്രീ. പി. സി. ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly